# പതിമൂന്നാം കേരള നിയമസഭ
## ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട
നിയമസഭാചോദ്യം നം. 372

26 .06.2013 - ൽ മറുപടിയ്ക്ക്

## ആയുർവ്വേദ മരുന്നുകളുടെ ഗവേഷണവും പേറ്റന്റും

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ. പി. ഉബൈദുള്ള<br>" എൻ. ഷംസുദ്ദീൻ<br>" കെ. മുഹമ്മദുണ്ണി ഹാജി<br>" കെ.എൻ.എ. ഖാദർ | | ശ്രീ.വി.എസ്.ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) |
| (എ) ഗവേഷണ പ്രവർത്തനങ്ങളുടെ കാര്യത്തിൽ ആയുർവ്വേദ മരുന്നുകളുടെ ഗവേഷണത്തിനും അവയ്ക്ക് പേറ്റന്റ് നേടുന്നതിനും എന്തൊക്കെ സംവിധാനങ്ങളാണ് ഏർപ്പെടുത്തിയി ട്ടുള്ളതെന്ന് വ്യക്തമാക്കുമോ ; | (എ) | ഗവേഷണ പ്രവർത്തനങ്ങളുടെ കാര്യത്തിൽ ആയുർവേദ മരുന്നുകളുടെ ഗവേഷണത്തിനും അവയ്ക്ക് പേറ്റന്റ് നേടുന്നതിനും സർക്കാർ തലത്തിൽ നിലവിൽ സംവിധാനങ്ങൾ ഇല്ല. എന്നാൽ പേറ്റന്റ്& പ്രൊപ്രൈറ്ററി ഔഷധങ്ങളുടെ അംഗീകാരവുമായി ബന്ധപ്പെട്ട് ഇപ്പോൾ ഗവൺമെന്റ് ചില സംവിധാനങ്ങൾ എർപ്പെടുത്തി വരുന്നു. തിരുവനന്തപുരം ഗവൺമെന്റ് ആയുർവേദ കോളേജിന്റെ നിയന്ത്രണത്തിലുള്ള ഡ്രഗ്സ് സ്റ്റാൻഡൈസേഷൻ യൂണിറ്റിൽവച്ച് ഔഷധ സസ്യങ്ങളുടേയും ആയുർവേദ മരുന്നുകളുടേയും സ്റ്റാന്റൈഡസേഷനിൽ ഗവേഷണം നടത്തിവരുന്നു. കൂടാതെ ആയുർവേദ മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിൽ ആയുർവേദ മരുന്നുകളെ |

സംബന്ധിച്ചുള്ള മാനുസ്ക്രിപ്റ്റുകളും പുരാതന രേഖകളും മൊഴിമാറ്റം ചെയ്ത്, ഡിജിറ്റലൈസ് ചെയ്ത് പ്രസിദ്ധീകരിക്കുന്നതിനും ഡാറ്റാബേസ് നിർമ്മിക്കുന്നതിനും വേണ്ടി പേറ്റന്റ് സെൽ എന്ന വിഭാഗം പ്രവർത്തിക്കുന്നുണ്ട്. ഈ ഡാറ്റാബേസ് പേറ്റന്റ് ഓഫീസുകളുമായി ബന്ധപ്പെടുത്തുന്നതിലൂടെ പേറ്റന്റ് സംരക്ഷണം നേടിയെടുക്കാവുന്നതാണ്.

(ബി) ഗുണമേന്മയില്ലാത്ത മരുന്നുകൾ ആയുർവ്വേദ ചികിത്സയുടെ പ്രശസ്തിക്ക് മങ്ങലുണ്ടാക്കു-മെന്നതിനാൽ ആയുർവ്വേദ ഡ്രഗ്സ് കൺട്രോൾ യൂണിറ്റ് ശക്തിപ്പെടുത്തുന്നതിന് അടിയന്തിര നടപടി സ്വീകരിക്കുമോ ?

(ബി) ആയുർവേദ ഡ്രഗ്സ് കൺട്രോൾ വിഭാഗം ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി കഴിഞ്ഞ സാമ്പത്തിക വർഷം നാല് ആയുർവേദ ഡ്രഗ്സ് ഇൻസ്പെക്ടർ തസ്തിക അനുവദിച്ചിട്ടുണ്ട്. പ്രസ്തുത തസ്തികയിൽ നിയമനം നടത്തുന്നതിനുവേണ്ടി പബ്ലിക് സർവ്വീസ് കമ്മീഷന് ഒഴിവ് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. നാല് ആയുർവേദ ഡ്രഗ്സ് ഇൻസ്പെക്ടർമാരുടെ നിയമനം നടക്കുന്നതോടുകൂടി കൂടുതൽ ഔഷധങ്ങളുടെ സാമ്പിളുകൾ ശേഖരിച്ച് പരിശോധനയ്ക്ക് അയക്കുവാൻ സാധിക്കും.

സെക്ഷൻ ഓഫീസർ